# മലർവാടി

കുട്ടികളുടെ ദ്വൈവാരിക

1 സെപ്റ്റംബർ 2019, പുസ്തകം 39, ലക്കം 21




"കരുണയുള്ളവനായിരിക്കുക; സാധ്യമാകുമ്പോഴൊക്കെയും. സാധ്യമാണതെപ്പോഴും.

സെൻ

## മലർമൊഴി

ബുദ്ധമതത്തിലെ രണ്ടു വിഭാഗങ്ങളാണ് ഹീനയാനവും മഹായാനവും. ഹീനയാനത്തിലെ ഒരു ചിന്താസരണിയാണ് സെൻ. അത് ലളിത ജീവിതത്തിനും ധ്യാനത്തിനും പ്രാധാന്യം കൊടുക്കുന്നു. കരുണയെക്കുറിച്ചുള്ള പ്രസിദ്ധമായ ഒരു സെൻ സൂക്തമാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

Editor **T.K. Ubaid** Executive Editor **P.A. Nazimudeen** • Sub Editor **Mehd Maqbool**
Layout & Graphics **Alikoya** • Technical Support **Fahis Ali**
Cover **Ameen Vengara** • e-mail malarvadimag@gmail.com | **www.malarvadi.net**
Circulation Phone 0495 2732555 • Manager Tele 0495 2730073 • e-mail managerprabodhanamclt@gmail.com

നമ്മുടെ കാലത്ത് വളരെ കുറഞ്ഞുകൊണ്ടിരിക്കുന്ന ഒരു ധാർമ്മിക മൂല്യമാണ് കാരുണ്യം. തിരക്കുപിടിച്ച ജീവിതത്തിൽ ചുറ്റുമുള്ള മനുഷ്യരെ ശ്രദ്ധിക്കാനോ, അവരുടെ വിഷമതകൾ മനസ്സിലാക്കാനോ നമുക്ക് കഴിയുന്നില്ല. എല്ലാവരും അവരിലേക്ക് തന്നെ ഒതുങ്ങുന്നു. സ്വന്തം കാര്യങ്ങൾ നിറവേറ്റൽ മാത്രം ജീവിത ലക്ഷ്യമായി മാറുന്നു.

സുഖാന്വേഷണവും ഭൗതിക സമ്പാദനവുമാണ് ജീവിതത്തിന്റെ ഏകവഴിയെന്ന് നമ്മുടെ ചുറ്റുപാടുകൾ നമ്മെ പഠിപ്പിക്കുന്നു. ബഹുരാഷ്ട്ര കമ്പനികളും ടെലിവിഷൻ പരസ്യങ്ങളും മുഴക്കുന്ന 'ജീവിതത്തെ കൂടുതൽ ആസ്വദിക്കുക' എന്ന മുദ്രാവാക്യമാണ് നാം എപ്പോഴും കേട്ടുകൊണ്ടിരിക്കുന്നത്. അതിനാൽത്തന്നെ നമ്മുടെ ജീവിത സങ്കൽപ്പം അവക്കനുസരിച്ച് അറിയാതെ രൂപപ്പെടുന്നു.

വൃദ്ധരായ സ്വന്തം മാതാപിതാക്കളെ പോലും ശ്രദ്ധിക്കാൻ സമയമില്ലാത്ത സന്താനങ്ങൾ വർധിച്ചുവരുന്ന കാലമാണിത്. അതിനാൽ സ്നേഹവും കാരുണ്യവും നാം ജീവിതത്തിൽ പകർത്തണം. തിരികെ ഒന്നും പ്രതീക്ഷിക്കാതെ ചെയ്യുന്ന ഉപകാരം നമ്മുടെ മനസ്സിലും മറ്റുള്ളവരിലും വലിയ മാറ്റം ഉണ്ടാക്കും. ഇത്തരം ഉപകാരങ്ങൾ ചെയ്യാൻ നാം വലിയ ധനികർ ഒന്നുമാകേണ്ട. ദുഃഖിതരോട് ഒരു ചിരി, പാവങ്ങളോട് ഒരു സ്നേഹവാക്ക് ഇതൊക്കെ അവരിൽ വലിയ സ്വാധീനം ഉണ്ടാക്കും.

മനുഷ്യരോടു മാത്രമല്ല, മറ്റു ജീവജാലങ്ങളോടും കാരുണ്യം കാണിക്കണം. മനുഷ്യർക്കുള്ള മഹത്തായ പല കഴിവുകളും ഇല്ലാത്തവരാണ് മിണ്ടാപ്രാണികൾ. അവയെ അകാരണമായി ഉപദ്രവിക്കരുത്.

തെരുവുകളിലെ നായകൾക്കും കന്നുകാലികൾക്കും നേരെ കല്ലെറിയുക ചില കുട്ടികളുടെ കുസൃതിയാണ്. പക്ഷേ എത്ര വലിയ അക്രമമാണ് തങ്ങൾ ചെയ്യുന്നതെന്ന് ഈ കുട്ടികൾ മനസ്സിലാക്കുന്നില്ല.

എല്ലാ മതങ്ങളും കാരുണ്യത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഇസ്‌ലാം മതത്തിൽ ദൈവത്തിനെ വിശേഷിപ്പിക്കുന്നത് പരമ കാരുണ്യവാൻ എന്നാണ്. എല്ലാ ജീവജാലങ്ങളോടും സഹിഷ്ണുതയോടും കാരുണ്യത്തോടെയും പെരുമാറാൻ ഇസ്‌ലാം അനുശാസിക്കുന്നു. 'നിങ്ങൾ ഭൂമിയിലുള്ളവരോട് കരുണ കാണിക്കൂ; ആകാശത്തുള്ളവൻ നിങ്ങളോടും കരുണ കാണിക്കും' എന്നത് പ്രവാചകന്റെ പ്രധാന ഉപദേശമാണ്.

● **പി.എ.എൻ**

## പൂകമറ

ശത്രുക്കളിൽ നിന്നും രക്ഷപ്പെടാൻ നീരാളിക്ക് (കട്ട്ൽ ഫിഷ്) ഒരു പ്രത്യേക കഴിവ് ഉണ്ട്. ശത്രുക്കൾ വളരെ അടുത്തെത്തുമ്പോൾ നീരാളി കറുത്ത ഒരുതരം ചായം പോലെയുള്ള ദ്രാവകം തൊടുത്തുവിടുന്നു. അങ്ങനെ ശത്രുവിനെ ഇരുട്ടിലാക്കി ബുദ്ധിമാനായ നീരാളി രക്ഷപ്പെടുകയും ചെയ്യുന്നു.



▸▸ ഇന്ത്യയിൽ കാണപ്പെടുന്ന ഏക വാലില്ലാകുരങ്ങ് വിഭാഗം– ഗിബ്ബൺ